**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**<u>പോലീസ് പരിശീലനത്തിൽ പരിഷ്കാരങ്ങൾ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1726. 10/03/2020-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ. സി.എഫ്.തോമസ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് പരിശീലനത്തിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ പോലീസ് സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഏകീകൃതമായ പരിശീലനം സേനാംഗങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ടി ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ തൃശ്ശൂരിൽ ആരംഭിച്ചിട്ടുണ്ട്.<br>2. ഭീകര വിരുദ്ധ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി കൗണ്ടർ ടെറിറിസം ആന്റ് കൗണ്ടർ ഇൻസർജൻസി ട്രെയിനിംഗ് സ്കൂൾ, പാണ്ടിക്കാട് ആരംഭിച്ചിട്ടുണ്ട്.<br>3. കേരളാ പോലീസ് അക്കാഡമിയിൽ അടിസ്ഥാന പരിശീലനം തേടുന്ന എല്ലാ പരിശീലനാർത്ഥികൾക്കും എഫ്.ഐ. ആർ തയാറാക്കുന്നതിന് സി.സി.ടി.എൻ.എസ് പരിശീലനം നൽകി വരുന്നു.<br>4. പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിനായി 2 ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു.<br>5. ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ, ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.<br>6. പോലീസ് സേനാംഗങ്ങളുടെ യോഗ പരിശീലനത്തിനായി ഒരു യോഗാ ട്രെയിനറെ കരാർ അടിസ്ഥാനത്തിൽ പോലീസ് അക്കാഡമിയിൽ നിയമിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശുപാർശ സർക്കാർ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ഉചിതമായി തീരുമാനം കൈക്കൊള്ളുന്നതാണ്.<br>മേൽ പ്രതിപാദിച്ച പരിശീലന പരിപാടികൾ കൂടാതെ പോലീസ് പരിശീലനത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | എഫ്.ഐ.ആർ തയ്യാറാക്കുന്നതിൽ പോലീസുകാർക്ക് വേണ്ട പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കേരളാ പോലീസ് അക്കാഡമിയിൽ അടിസ്ഥാന പരിശീലനം തേടുന്ന എല്ലാ പരിശീലനാർത്ഥികൾക്കും എഫ്.ഐ.ആർ തയാറാക്കുന്നതിന് സി.സി.റ്റി.എൻ.എസ് പരിശീലനം നൽകി വരുന്നു. |
| (സി) | സിവിൽ പോലീസ് ഓഫീസർ റിക്രൂട്ട്മെന്റിന്റെ ഫിസിക്കൽ ടെസ്റ്റിൽ കാലോചിതമായ മാറ്റങ്ങൾ പി.എസ്.സി യുമായി ചർച്ച ചെയ്ത് നടപ്പിലാക്കാൻ തയ്യാറാകുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നതിനും പോലീസുകാരുടെ പരിശീലനം പോലീസ് അക്കാദമിയിൽ മാത്രം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | സംസ്ഥാന പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) വനിതാ പോലീസിന്റെ അംഗസംഖ്യ ഘട്ടംഘട്ടമായി 15 ശതമാനമായി ഉയർത്തുന്നതിന്റെ ഭാഗമായി സ.ഉ (കൈ) നം. 15/2017/ആഭ്യ. തീയതി 30.01.2017 പ്രകാരം ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.<br>2) സ.ഉ (കൈ) നം. 175/2019/ആഭ്യ. തീയതി 05.11.2019 പ്രകാരം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിലായി 4 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.<br>3) കൂടുതൽ വനിതാ പ്രാതിനിധ്യവുമായി കെ.എ.പി 6-ാം ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിച്ച് വരുന്നു.<br>4) പോലീസ് പരിശീലനം ഏകീകരിക്കുന്നതിനായി ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ